©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 ഫെബ്രുവരി 25
25th February 2026
1201 കുംഭം 13
13th Kumbham 1201
1947 ഫാൽഗുനം 6
6th Phalguna 1947

നമ്പർ
No.
833

കേരള സർക്കാർ

റവന്യൂ (എഫ്) വകുപ്പ്

വിജ്ഞാപനം

സ.ഉ.(കൈ)നം. 93/2026/റവ *തിരുവനന്തപുരം 2024 ഫെബ്രുവരി, 24.*

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലെ പൊയ്യ-മടത്തുംപടി-പള്ളിപ്പുറം ഗ്രൂപ്പ് വില്ലേജിലുൾപ്പെട്ട മടത്തുംപടി വില്ലേജിനായി 2018-19 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതിൻ പ്രകാരം സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത പൊയ്യ-മടത്തുംപടി-പള്ളിപ്പുറം ഗ്രൂപ്പ് വില്ലേജിലുൾപ്പെടുന്ന മടത്തുംപടി വില്ലേജിന് പ്രത്യേകം സർവ്വെ റിക്കാർഡുകളും അതിർത്തികളുമുണ്ടെങ്കിലും, സ്വതന്ത്രവില്ലേജായി പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാത്തതിനാൽ പ്രസ്തുത പുതിയ കെട്ടിടത്തിൽ വില്ലേജ് ഓഫീസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്മാർട്ട് വില്ലേജ് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ചിട്ടും ആയത് പ്രവർത്തനക്ഷമമാക്കാത്ത സാഹചര്യത്തിൽ അതിൽ ആക്ഷേപം ഉന്നയിച്ച് റിട്ട് പെറ്റീഷൻ(സി) 29929/2023 എന്ന നമ്പർ പ്രകാരം ഫയൽ ചെയ്ത കേസിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 17.02.2025-ലെ വിധിന്യായത്തിൽ മടത്തുംപടി വില്ലേജിനെ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാൻ സർക്കാരിനോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, പൊയ്യ-മടത്തുംപടി-പള്ളിപ്പുറം ഗ്രൂപ്പ് വില്ലേജിൽ നിന്നും മടത്തുംപടി വില്ലേജിനെ സ്വതന്ത്ര വില്ലേജായി വിഭജിച്ചുകൊണ്ടും പ്രസ്തുത വില്ലേജ് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി ജീവനക്കാരുടെ ആറ് പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും 19.12.2025 തീയതിയിൽ സ.ഉ (എം.എസ്) നം.339/2025/റവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

എന്നാൽ പ്രസ്തുത വിധിന്യായം നിശ്ചിത സമയപരിധിക്കുള്ളിൽ പൂർണ്ണതോതിൽ പാലിക്കാത്തതിൽ ആക്ഷേപം ഉന്നയിച്ച് ഹർജിക്കാരൻ CO(C) 2667/2025 നമ്പറായി കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ, പ്രത്യേകം സർവ്വെ റിക്കാർഡുകളും അതിർത്തികളുമുൾപ്പെടെ സ്ഥിതി ചെയ്യുവരുന്നതും, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിന്റെ പരിധിയിൽ വരുന്നതും, പൊയ്യ-മടത്തുംപടി-പള്ളിപ്പുറം ഗ്രൂപ്പ് വില്ലേജിൽ നിന്നും 19.12.2025 തീയതിയിലെ സ.ഉ (എംഎസ്) നം. 339/2025/റവ സർക്കാർ ഉത്തരവ് പ്രകാരം സ്വതന്ത്രമാക്കപ്പെട്ടതുമായ മടത്തുംപടി വില്ലേജിലുൾപ്പെട്ട പ്രദേശങ്ങളുടെ സർവ്വെ നമ്പറുകളും വിസ്തീർണ്ണവും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്ത് ഇതിനാൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എം.ജി.രാജമാണിക്കം.
സെക്രട്ടറി

അനുബന്ധം

മടത്തുംപടി വില്ലേജിലുൾപ്പെട്ട പ്രദേശങ്ങളുടെ വിശദാംശങ്ങൾ

താലൂക്ക്	വില്ലേജ് ഓഫീസിന്റെ പേര്	ബ്ലോക്ക് നമ്പർ	സർവ്വെ നമ്പർ	ആകെ വിസ്തീർണ്ണം	നിലം	പുരയിടം
കൊടുങ്ങല്ലൂർ	മടത്തുംപടി	15	1 മുതൽ 293 വരെ	369.6467 ഹെക്ടർ	178.1756 ഹെക്ടർ	191.4711 ഹെക്ടർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.25 09:09:19 +05:30